പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3935 — 16-05-2017-ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമിയുടെ കണക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.യു.ആർ.പ്രദീപ്** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കൃഷിയോഗ്യമായ എത്ര ഏക്കർ ഭൂമിയുണ്ടെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; കാർഷികോല്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; | **(എ)** | ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കനുസരിച്ച് 2014-15 വർഷം സംസ്ഥാനത്ത് കൃഷിയോഗ്യമായ 5659067 ഏക്കർ ഭൂമിയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>കാർഷികോത്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്.<br><br>1) നെൽകൃഷി വികസന പദ്ധതി<br>2) പച്ചക്കറി കൃഷി വികസന പദ്ധതി<br>3) നാളികേര വികസന പദ്ധതി<br>4) വിള ആരോഗ്യ പരിപാലന പദ്ധതി<br>5) ഹൈ-ടെക് കൃഷി പദ്ധതി<br>6) ജൈവകൃഷി വികസന പദ്ധതി<br>7) വയനാട് പാക്കേജ് പദ്ധതി<br>8) അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ<br>9) കാർഷിക വിജ്ഞാന വ്യാപന പദ്ധതി<br>10) കാർഷിക വിപണികളുടെ വികസനം. വിപണിയിലിടപെടൽ, മൂല്യവർദ്ധനവ്<br>11) പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി<br>12) പ്രത്യേക കാർഷിക മേഖല സ്ഥാപിക്കൽ |
| **(ബി)** ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ? | **(ബി)** | 1) <u>നെൽകൃഷി വികസനം</u><br>i) കരനെൽകൃഷി വികസനം<br>ii) തരിശുനെൽ കൃഷി<br>iii) പ്രാദേശികവും പ്രത്യേകവുമായ നെൽ വിത്തിനങ്ങളുടെ കൃഷി വ്യാപനം<br>iv) പ്രാദേശിക റൈസ് മില്ലുകൾ |

2) പ്രത്യേക കാർഷിക മേഖല:

കേരളത്തിലെ പ്രധാന കാർഷിക വിളകൾ പ്രാദേശികമായി തിരഞ്ഞെടുത്ത് ഉല്പന്നവും സംസ്കരണവും മൂല്യവർദ്ധനവും വിപണനവും ഉൾപ്പെടുന്ന സമഗ്ര മേഖലയായി രൂപപ്പെടുത്തുന്നതിനുള്ള പദ്ധതി.

3) വിശേഷാവസരങ്ങളിലുള്ള പ്രത്യേക കാർഷികോല്പന്ന വിപണികൾ:

നല്ല കൃഷിമുറകളിലൂടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയും മറ്റ് കാർഷികോല്പന്നങ്ങളും മെച്ചപ്പെട്ട വില നൽകി കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അനുബന്ധ സ്ഥാപനങ്ങളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയുടെ സഹായത്തോടെ ഇക്കോഷോപ്പുകളും മറ്റ് ഷോപ്പുകളും വഴി ഉപഭോക്താക്കൾക്ക് നേരിട്ട് വിപണി വിലയിൽ നിന്നും താഴ്ത്തി നൽകി വരുന്നു.

4) പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാനത്തെ എല്ലാ പ്രധാന വിളകളെയും ഉൾപ്പെടുത്തിയും നഷ്ടപരിഹാരത്തുക ഇരട്ടി മുതൽ പത്തിരട്ടി വരെ വർദ്ധിപ്പിച്ചും 22 വർഷങ്ങൾക്കു ശേഷം വിള ഇൻഷ്വറൻസ് പദ്ധതി സമൂലമായി പരിഷ്കരിക്കുകയുണ്ടായി.

5) അഗ്രോ പാർക്കുകളും കേരള അഗ്രോ ബിസിനസ് കമ്പനി :

പ്രാദേശികമായുള്ള തനത് ഉൽപന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനും മൂല്യവർദ്ധനവിലൂടെ പരമാവധി വില കർഷകന് നേടിക്കൊടുക്കുന്നതിനുമായി പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ തനത് ഉല്പന്നങ്ങൾ പ്രത്യേക ബ്രാന്റാക്കി ദേശീയവും അന്തർദേശീയവുമായ വിപണിയിൽ വിറ്റഴിക്കുന്നതിനും അതുവഴി കർഷകന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ ഉടമസ്ഥതയിൽ കേരള ഓർഗാനിക് ബ്രാന്റ് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങുന്നതിന് ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**